The number of Anglo Indian students in Upper Primary and High School classes who are recipients of scholarships during 1985-86 granted as per G.O. (Ms.) 161/85/G1. Edn. dt. 24-7-1985.

Answer

Upper Primary Classes	:	9
High School Classes	:	8
Total		17

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തസ്തിക

82. [131] [ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയുന്നതു ശരിയാണോ ; എങ്കിൽ എന്നുമുതൽ ;

(ബി) ഇതിനു കാരണം എന്താണെന്നു വ്യക്തമാക്കാമോ ;

(സി) പുതിയ ഡയറക്ടറെ നിയമിക്കുന്നതിനു വേണ്ട നടപടികൾ ഉടനെ സ്വീകരിക്കുവാൻ സർക്കാർ നടപടികളെടുക്കുമോ ?

ഉത്തരം

(എ, ബി & സി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ.ഗോപാലനെ മറ്റൊരു തസ്തികയിൽ നിയമിച്ചതുകൊണ്ട് 20-12-1985 മുതൽ ഡയറക്ടറുടെ ചുമതലകൾ അഡീഷണൽ ഡയറക്ടർ നിർവഹിക്കുന്നു. അധികം താമസിക്കാതെ പുതിയ ഡയറക്ടറെ നിയമിക്കുന്നതാണ്.

പട്ടിക വർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ സ്ഥലം മാറ്റം

83. [132] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂൾ അദ്ധ്യാപകരായ എല്ലാപേർക്കും മലബാർ സർവ്വീസ് നിർബന്ധിതമാണോ ; ആണെങ്കിൽ എത്ര വർഷം ;

(ബി) അഞ്ച് വർഷത്തിലധികം മലബാർ സർവ്വീസ് ഉള്ളതും പട്ടികജാതി പട്ടികവർഗ്ഗക്കാരായതുമായ എത്ര ഹൈസ്കൂൾ അസിസ്റ്റന്റുമാരെ ഈ അദ്ധ്യയനവർഷത്തിൽ കാസർകോടുജില്ലയിൽനിന്ന് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട് ;

(സി) അതിൽ എത്ര ഹിന്ദി അദ്ധ്യാപകർ ഉണ്ട് ;

(ഡി) സംസ്ഥാന സർവ്വീസിലുള്ള വിവാഹിതരായ ദമ്പതികൾക്ക് ഒരേ സ്ഥലത്തേക്ക് സ്ഥലം മാറ്റം നല്കുന്നതിന് ഉതകുന്ന ഗവൺമെന്റ് ഉത്തരവുകൾ നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൽ സ്ഥലമാറ്റകാര്യത്തിൽ പട്ടികജാതി വിഭാഗത്തിന് മുൻഗണന നല്കുന്ന ഉത്തരവ് ഉണ്ടോ ;

(എഫ്) അതനുസരിച്ച് ഏതെങ്കിലും ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഈ അദ്ധ്യയനവർഷം തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം നല്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly